# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/4/2018 2018 ജനുവരി 5

## പത്രക്കുറിപ്പ്

**ഒന്നാം സെമസ്റ്റർ യു.ജി. അപേക്ഷകൾ**

ജനുവരിയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം റഗുലർ 2017 അഡ്മിഷൻ), സി.ബി.സി.എസ്.എസ്. (2013 മുതൽ 2016 വരെ അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി 9 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർഫൈനോടെ 12 വരെയും അപേക്ഷിക്കാവുന്നതാണ്. 2013 – 2014 അഡ്മിഷൻ സപ്ലിമെന്ററി വിദ്യാർത്ഥികൾ അപേക്ഷകൾ സർവ്വകലാശാലാ ഓഫീസിൽ നേരിട്ടും, 2015, 2016, 2017 അഡ്മിഷൻ വിദ്യാർത്ഥികൾ സർവ്വകലാശാലാ പോർട്ടൽ വഴി ഓൺലൈനായി കോളേജുകളിൽ നിന്നും അപേക്ഷകൾ സമർപ്പിക്കണം. പരീക്ഷാ തീയതിയും ടൈംടേബിളും പിന്നീട് പ്രസിദ്ധപ്പെടുത്തും.

**അപേക്ഷാ തീയതി**

രണ്ടാം സെമസ്റ്റർ എം.ഫിൽ സുവോളജി (2015 അഡ്മിഷൻ) ഡിഗ്രി കോഴ്സിന്റെ പ്രോജക്ട് മൂല്യനിർണ്ണയം, വൈവാവോസി എന്നിവയ്ക്ക് പിഴയില്ലാതെ ജനുവരി 9 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർഫൈനോടെ 15 വരെയും അപേക്ഷിക്കാം.

സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ ബി.ടെക് (2017 അഡ്മിഷൻ റഗുലർ), മൂന്നാം സെമസ്റ്റർ ബി.ടെക് (2016 അഡ്മിഷൻ റഗുലർ) എന്നീ പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി 11 വരെയും 50 രൂപ പിഴയോടെ 12 വരെയും 500 രൂപ സൂപ്പർഫൈനോടെ 15 വരെയും അപേക്ഷിക്കാം. പേപ്പറൊന്നിന് 50 രൂപ വീതം (പരമാവധി സെമസ്റ്ററിന് 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

ഒന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം. (പുതിയ സ്കീം 2017 അഡ്മിഷൻ റഗുലർ & 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 31ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 10 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർഫൈനോടെ 15 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 150 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

മൂന്നാം സെമസ്റ്റർ ബി.പി.എഡ്. (2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 6ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 12 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും.

**പരീക്ഷാഫലം**

2017 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ടെക് സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ജനുവരി 19 വരെ സ്വീകരിക്കും.

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ 2017 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. ഓണേഴ്സ് (2016 മുതൽ അഡ്മിഷൻ റഗുലർ & 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 19 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**